Draft #1 of File 178847/SC-ST CELL - 2/2021/SC/ST Cell Approved by ASSISTANT REGISTRAR III (ADMIN) on 13-Jan-2022 07:02 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

മഹാത്മാഗാന്ധി സിവിൽ സർവീസ് ഇൻസ്റ്റിട്യൂട്ട് - ടെസ്റ്റ് സീരീസ് ബാച്ച്, കൗൺസലിങ്, യോഗ പരിശീലനം, കണ്ടെന്റ് റൈറ്റിംഗ് ആൻഡ് ഫങ്ഷണൽ ഇംഗ്ലീഷ് എന്നിവ തുടങ്ങുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**എസ് സി / എസ് ടി സെൽ**

നമ്പർ. 437/SC/ST Cell/2022/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 14.01.2022

---

*പരാമർശം:*-09.12.2021 തീയതിയായി മഹാത്മാഗാന്ധി സിവിൽ സർവീസ് ഇൻസ്റ്റിട്യൂട്ട് ഡയറക്ടർ ഇൻ ചാർജ് സമർപ്പിച്ച കത്ത് നം. CSI/211/2021/MGU

**ഉത്തരവ്**

മഹാത്മാഗാന്ധി സിവിൽ സർവീസ് ഇൻസ്റ്റിട്യൂട്ടിലെ വിദ്യാർത്ഥികൾക്കായി ടെസ്റ്റ് സീരീസ് ബാച്ച്, കൗൺസലിങ്, യോഗ പരിശീലനം, കണ്ടെന്റ് റൈറ്റിംഗ് പ്രാക്ടീസ് ആൻഡ് ഫങ്ഷണൽ ഇംഗ്ലീഷ് എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിനായി അനുമതി നൽകണമെന്ന് സൂചനപ്രകാരം ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു.

ക്ലാസുകൾക്കൊപ്പം നടത്തുന്ന ടെസ്റ്റുകൾക്ക് പുറമെ ടെസ്റ്റ് സീരിസിന് വേണ്ടി മാത്രമായിട്ടുള്ളതാണ് **ടെസ്റ്റ് സീരീസ് ബാച്ച്**. ഇൻസ്റ്റിട്യൂട്ടിലെ വിദ്യാർത്ഥികൾക്കും, അപേക്ഷ നൽകുന്ന മറ്റ് വിദ്യാർത്ഥികൾക്കും ഇതിൽ പങ്കെടുക്കാവുന്നതാണ്.

സർവകലാശാലയിലെ ലൈഫ് ലോങ്ങ് ലേർണിംഗ് ആൻഡ് എക്സ്റ്റൻഷൻ വകുപ്പിലെ കൗൺസലിങ് & യോഗ ടീമിന്റെ സഹായത്തോടെയാണ് ഇൻസ്റ്റിട്യൂട്ടിലെ വിദ്യാർത്ഥികൾക്ക് **കൗൺസലിങും, യോഗ പരിശീലനവും** നൽകുന്നത്. ഇൻസ്റ്റിട്യൂട്ടിലെ 2021-'22, 2022-'23 ബാച്ച് വിദ്യാർത്ഥികൾക്കാണ് കൗൺസലിങും, യോഗ പരിശീലനവും നൽകുന്നത്.

വിദ്യാർത്ഥികൾക്ക് മെയിൻസ് പരീക്ഷ എഴുതുവാനും, ഇന്റർവ്യൂ അഭിമുഖീകരിക്കുവാനും പ്രാപ്തമാക്കുന്ന തരത്തിൽ വിദ്യാർത്ഥികളുടെ ഇംഗ്ലീഷ് ഭാഷ നൈപുണ്യം മെച്ചപ്പെടുത്തുന്നതിന് വേണ്ടിയുള്ളതാണ് **കണ്ടെന്റ് റൈറ്റിംഗ് പ്രാക്ടീസ് ആൻഡ് ഫങ്ഷണൽ ഇംഗ്ലീഷ്**. ഇൻസ്റ്റിട്യൂട്ടിലെ 2021-''22, 2022-'23 ബാച്ച് വിദ്യാർത്ഥികൾക്കാണ് ഈ പ്രയോജനം ലഭ്യമാക്കുന്നത്.

ടി നിർദേശങ്ങൾ പരിഗണിച്ച ബഹു: വൈസ് ചാൻസലർ മഹാത്മാഗാന്ധി സിവിൽ സർവീസ് ഇൻസ്റ്റിട്യൂട്ടിന് സർവകലാശാല ബജറ്റിൽ നീക്കി വെച്ചിട്ടുള്ള "21 431 57 - Starting of New Programme" എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള ഒരു ലക്ഷം രൂപ ഉപയോഗിച്ച് ടെസ്റ്റ് സീരീസ് ബാച്ച്, കൗൺസലിങ്, യോഗ പരിശീലനം, കണ്ടെന്റ് റൈറ്റിംഗ് പ്രാക്ടീസ് ആൻഡ് ഫങ്ഷണൽ ഇംഗ്ലീഷ് എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിന് ഡയറക്ടർ ഇൻ ചാർജിന് അനുമതി നൽകിക്കൊണ്ട് ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

അനിൽ കുമാർ വി എസ്

അസിസ്റ്റന്റ് രജിസ്ട്രാർ 3 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. വി.സി / പി.വി.സി എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2. രജിസ്ട്രാർ / ഫിനാൻസ് ഓഫീസർ എന്നിവരുടെ പേർസണൽ അസ്സിസ്റ്റന്റുമാർ
3. ജോയിന്റ് ഡയറക്ടർ, കെ എസ് എ ഡി
4. ഡയറക്ടർ ഇൻ ചാർജ്, സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ട്
5. എ ഡി ഡി, ജനറൽ ക്യാഷ്
6. ഫിനാൻസ് I /ഓഡിറ്റ് I, V
7. അക്കൗണ്ട്സ് III, V
8. റെക്കോർഡ്സ് സെക്ഷൻ, സി.എം.എസ്
9. എസ്.എഫ്/ എഫ്.സി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #1 of File 178847/SC-ST CELL - 2/2021/SC/ST Cell Approved by ASSISTANT REGISTRAR III (ADMIN) on 13-Jan-2022 07:02 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം